**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3792** **06-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള പ്രത്യേക പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്ത് കോവിഡ് വ്യാപനം മൂലം തൊഴിൽ നഷ്ടപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് എന്തൊക്കെ സഹായങ്ങളാണ് വകുപ്പ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ ; | (എ) | പട്ടികവർഗ്ഗക്കാർക്ക് MGNREGS മുഖേന തൊഴിലും വരുമാനവും ഉറപ്പ് വരുത്തുന്നതോടൊപ്പം നിർമ്മാണ മേഖലയിൽ പരിശീലനം ലഭിച്ച പട്ടികവർഗ്ഗ സ്വയം സഹായ സംഘങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വനവിഭവങ്ങൾ ശേഖരിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ആയതിന്റെ വിപണനം കണ്ടെത്തി വരുമാനം ലഭ്യമാക്കുന്നതിന് വനം വകുപ്പിന്റെ സഹായത്തോട് കൂടി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കോവിഡ് വ്യാപനം മൂലം തൊഴിൽ നഷ്ടപ്പെട്ട പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വകുപ്പുമുഖേന സഹായങ്ങൾ നൽകുന്ന പദ്ധതികൾ ഒന്നുംതന്നെ നിലവിലില്ല. |
| (ബി) | കോവിഡ് വ്യാപനം മൂലം പ്രസ്തുത വിഭാഗത്തിൽപ്പെട്ട എത്ര പേരാണ് മരണപ്പെട്ടിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (ബി) | കോവിഡ് വ്യാപനംമൂലം പട്ടികജാതി വിഭാഗത്തിൽപ്പെട്ട 2009 പേർ മരണപ്പെട്ടു. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. തിരുവനന്തപുരം - 309 കൊല്ലം - 151 പത്തനംതിട്ട - 103 ആലപ്പുഴ - 234 കോട്ടയം - 150 ഇടുക്കി - 21 എറണാകുളം - 151 തൃശ്ശൂർ - 366 പാലക്കാട് - 199 മലപ്പുറം - 94 കോഴിക്കോട് - 125 വയനാട് - 5 കണ്ണൂർ - 68 കാസർഗോഡ് - 33 ആകെ - 2009 പട്ടികവർഗ്ഗ വിഭാഗത്തിൽ കോവിഡ്-19 ബാധിച്ച് ഇതുവരെ 248 പേർ മരണപ്പെട്ടു. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. തിരുവനന്തപുരം - 15 കൊല്ലം - 2 പത്തനംതിട്ട - 5 ആലപ്പുഴ - 4 കോട്ടയം - 17 ഇടുക്കി - 35 എറണാകുളം - 12 തൃശ്ശൂർ - 3 പാലക്കാട് - 32 മലപ്പുറം - 4 കോഴിക്കോട് - 4 വയനാട് - 52 കണ്ണൂർ - 22 കാസർഗോഡ് - 41 ആകെ - 248 |
| (സി) | ലോക്ഡൗൺ മൂലം സാമ്പത്തികമായി പ്രയാസം | (സി) | ലോക്ഡൗൺ മൂലം സാമ്പത്തികമായി പ്രയാസം |

| | | | |
|---|---|---|---|
| | അനുഭവിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ സഹായിക്കുന്നതിനു വേണ്ടി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ? | | അനുഭവിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരെ സഹായിക്കുന്നതിനു വേണ്ടി പട്ടികജാതി വികസന വകുപ്പ് മുഖാന്തരം തദ്ദേശസ്ഥാപനങ്ങൾ വഴി ചികിത്സാസൗകര്യം, ഭക്ഷണലഭ്യത എന്നിവ ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പുതിയ പദ്ധതികൾ നടപ്പിലാക്കുന്നത് പരിശോധിച്ചു വരുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ലോക്ഡൗൺ മൂലം ഉണ്ടായ സാമ്പത്തിക പ്രയാസം നേരിടുന്നതിനായി നിലവിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഫുഡ് സപ്പോർട്ട് പദ്ധതിയും 60 വയസ്സിന് മുകളിലുള്ളവർക്ക് പോഷകാഹാര പദ്ധതിയും നടപ്പിലാക്കുന്നു. കൂടാതെ ആവശ്യമായ ചികിത്സാ സൗകര്യങ്ങളും നൽകുന്നു. മോഡൽ റസിഡൻഷ്യൽ സ്കൂൾ, ഹോസ്റ്റൽ എന്നിവിടങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലോക്ക്ഡൗൺ കാലത്ത് സ്ഥാപനങ്ങളിൽ എത്താൻ സാധിക്കാത്തതിനാൽ അവരുടെ ഡയറ്ററി ചാർജ് പൂർണ്ണമായും രക്ഷകർത്താക്കളുടെ അക്കൗണ്ടിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ